171.

ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# ദേശീയ അന്വേഷണ ഏജൻസി ആക്റ്റ്, 2008
## (2008-ലെ 34-ാം നമ്പർ ആക്റ്റ്)

(2013 ഫെബ്രുവരി 15-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE NATIONAL INVESTIGATION AGENCY ACT, 2008
## (ACT No. 34 OF 2008)

(As on 15th February, 2013)

വില : 37 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട്, തിരുവനന്തപുരം സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2013.

## ആമുഖം

2013 ഫെബ്രുവരി 15-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ദേശീയ അന്വേഷണ ഏജൻസി ആക്റ്റ്, 2008 (2008-ലെ 34-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2013 ഏപ്രിൽ 4-ാം തീയതിയിലെ ഭാരതത്തിന്റെ അസാധാരണ ഗസറ്റ് XI-ാം ഭാഗം, I-ാം വകുപ്പ്, I-ാം വാല്യം, 3-ാം നമ്പരായി 1 മുതൽ 15 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50-ാം നമ്പർ ആക്റ്റ്)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയപ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിന്മേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരികപാഠമായിത്തീരുകയും ചെയ്തു.

പി. കെ. മൽഹോത്ര,
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the National Investigation Agency Act, 2008 (Act No. 34 of 2008) as on 15th February, 2013 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. I, No. 3, dated 4th April, 2013 on pages 1 to 15.

This authorised translation was published under the authority of the President of India under clause (a) of Section 2 of the Authoritative Texts (Central Laws) Act, 1973 (Act No. 50 of 1973) and on such publication, it became the authoritative text of that Act in Malayalam.

P. K. MALHOTRA,
*Secretary to Government of India.*

# ദേശീയ അന്വേഷണ ഏജൻസി ആക്റ്റ്, 2008
## (2008-ലെ 34-ാം നമ്പർ ആക്റ്റ്)

### ഉള്ളടക്കം

അദ്ധ്യായം I

**പ്രാരംഭികം**


| *വകുപ്പുകൾ* | | *പേജ്* |
|---|---|---|
| 1. ചുരുക്കപ്പേരും വ്യാപ്തിയും ബാധകതയും | .. | 1 |
| 2. നിർവ്വചനങ്ങൾ | .. | 1 |


അദ്ധ്യായം II

**ദേശീയ അന്വേഷണ ഏജൻസി**


| | | |
|---|---|---|
| 3. ദേശീയ അന്വേഷണ ഏജൻസിയുടെ രൂപീകരണം | .. | 2 |
| 4. ദേശീയ അന്വേഷണ ഏജൻസിയുടെ മേൽനോട്ടം | .. | 3 |
| 5. ഏജൻസി രൂപീകരിക്കുന്നതിന്റെ രീതിയും അംഗങ്ങളുടെ സേവനോപാധികളും | .. | 3 |


അദ്ധ്യായം III

**ദേശീയ അന്വേഷണ ഏജൻസിയാലുള്ള അന്വേഷണം**


| | | |
|---|---|---|
| 6. പട്ടികയിൽ ഉൾപ്പെട്ട കുറ്റങ്ങളുടെ അന്വേഷണം | .. | 3 |
| 7. സംസ്ഥാന സർക്കാരിന് അന്വേഷണം കൈമാറുന്നതിനുള്ള അധികാരം | .. | 4 |
| 8. ബന്ധപ്പെട്ട കുറ്റങ്ങൾ അന്വേഷിക്കുന്നതിനുള്ള അധികാരം | .. | 4 |
| 9. സംസ്ഥാന സർക്കാർ ദേശീയ അന്വേഷണ ഏജൻസിക്ക് സഹായം നൽകണമെന്ന് | .. | 4 |
| 10. പട്ടികയിൽ ഉൾപ്പെട്ട കുറ്റങ്ങൾ അന്വേഷിക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം | .. | 4 |

## അദ്ധ്യായം IV

## പ്രത്യേക കോടതികൾ


11. പ്രത്യേക കോടതികൾ രൂപീകരിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ അധികാരം .. 5

12. സിറ്റിംഗിനുള്ള സ്ഥലം .. 6

13. പ്രത്യേക കോടതികളുടെ അധികാരിത .. 6

14. മറ്റ് കുറ്റങ്ങൾ സംബന്ധിച്ച് പ്രത്യേക കോടതികളുടെ അധികാരങ്ങൾ .. 7

15. പബ്ലിക് പ്രോസിക്യൂട്ടർമാർ .. 7

16. പ്രത്യേക കോടതികളുടെ നടപടിക്രമവും അധികാരങ്ങളും .. 7

17. സാക്ഷികളുടെ സംരക്ഷണം .. 9

18. പ്രോസിക്യൂഷനുള്ള അനുവാദം .. 9

19. പ്രത്യേക കോടതിയാലുള്ള വിചാരണയ്ക്ക് മുൻഗണന ഉണ്ടായിരിക്കുമെന്ന് .. 10

20. കേസ്സുകൾ സ്ഥിരം കോടതികളിലേക്ക് മാറ്റാനുള്ള അധികാരം .. 10

21. അപ്പീലുകൾ .. 10

22. പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം .. 11


## അദ്ധ്യായം V

## പലവക


23. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള ഹൈക്കോടതികളുടെ അധികാരം .. 12

24. വിഷമതകൾ നീക്കുന്നതിനുള്ള അധികാരം .. 12

25. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം .. 12

26. ചട്ടങ്ങൾ വയ്ക്കുന്നത് .. 13

പട്ടിക .. 14

# ദേശീയ അന്വേഷണ ഏജൻസി ആക്റ്റ്, 2008

(2008-ലെ 34-ാം നമ്പർ ആക്റ്റ്)

ഭാരതത്തിന്റെ പരമാധികാരത്തെയും സുരക്ഷയെയും അഖണ്ഡതയെയും രാജ്യസുരക്ഷയെയും വിദേശരാജ്യങ്ങളുമായുള്ള സുഹൃത്ബന്ധങ്ങളെയും ബാധിക്കുന്ന കുറ്റങ്ങളും ഐക്യരാഷ്ട്രങ്ങളുടെയും അതിന്റെ ഏജൻസികളുടെയും മറ്റ് അന്താരാഷ്ട്ര സംഘടനകളുടെയും അന്താരാഷ്ട്ര സന്ധികളും കരാറുകളും ഉടമ്പടികളും പ്രമേയങ്ങളും നടപ്പാക്കുന്നതിനുവേണ്ടി അധിനിയമം ചെയ്ത ആക്റ്റുകൾ പ്രകാരമുള്ള കുറ്റങ്ങളും അന്വേഷിക്കുന്നതിനും പ്രോസിക്യൂട്ട് ചെയ്യുന്നതിനുമായി ദേശീയതലത്തിൽ ഒരു അന്വേഷണ ഏജൻസി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ സംഗതികൾക്കും വേണ്ടിയുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിഒൻപതാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. (1) ഈ ആക്റ്റിന് ദേശീയ അന്വേഷണ ഏജൻസി ആക്റ്റ്, 2008 എന്ന് പേര് പറയാവുന്നതാണ്. *ചുരുക്കപ്പേരും വ്യാപ്തിയും ബാധകതയും.*

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതും ഇത്—

(ക) ഭാരതത്തിന് പുറത്തുള്ള ഭാരതപൗരൻമാർക്കും;

(ഖ) സർക്കാർ സർവ്വീസിലുള്ള ആളുകൾ അവർ എവിടെയാകാമെങ്കിലും അവർക്കും;

(ഗ) ഭാരതത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കപ്പലുകളിലോ വിമാനങ്ങളിലോ ഉള്ള ആളുകൾ, അവർ എവിടെയാകാമെങ്കിലും, അവർക്കും,

കൂടി ബാധകമാകുന്നതുമാണ്.

2. (1) ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,— *നിർവ്വചനങ്ങൾ.*

(ക) "ഏജൻസി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ദേശീയ അന്വേഷണ ഏജൻസി എന്നർത്ഥമാകുന്നു;

(ഖ) "നിയമസംഹിത" എന്നാൽ ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2) എന്നർത്ഥമാകുന്നു;

(ഗ) "ഹൈക്കോടതി" എന്നാൽ ഏത് ഹൈക്കോടതിയുടെ അധികാരപരിധിയിലാണോ പ്രത്യേകകോടതി സ്ഥിതി ചെയ്യുന്നത് ആ ഹൈക്കോടതി എന്നർത്ഥമാകുന്നു;

(ഘ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ങ) "പബ്ലിക് പ്രോസിക്യൂട്ടർ" എന്നാൽ 15-ാം വകുപ്പുപ്രകാരം നിയമിച്ച ഒരു പബ്ലിക് പ്രോസിക്യൂട്ടർ അഥവാ ഒരു അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ അഥവാ ഒരു സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ എന്നർത്ഥമാകുന്നു;

(ച) "പട്ടിക" എന്നാൽ ഈ ആക്റ്റിലെ പട്ടിക എന്നർത്ഥമാകുന്നു;

(ഛ) "പട്ടികയിൽ ഉൾപ്പെട്ട കുറ്റം" എന്നാൽ പട്ടികയിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള ഒരു കുറ്റം എന്നർത്ഥമാകുന്നു;

(ജ) "പ്രത്യേക കോടതി" എന്നാൽ, അതത് സംഗതിപോലെ, 11-ാം വകുപ്പോ 22-ാം വകുപ്പോ പ്രകാരം രൂപീകരിച്ച ഒരു പ്രത്യേക കോടതി എന്നർത്ഥമാകുന്നു;

(ഝ) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതും നിയമസംഹിതയിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും നിയമസംഹിതയിൽ യഥാക്രമം അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(2) ഏതെങ്കിലും അധിനിയമത്തെയോ അതിലെ ഏതെങ്കിലും വ്യവസ്ഥയെയോ കുറിച്ചുള്ള ഈ ആക്റ്റിലെ ഏതെങ്കിലും പരാമർശം അങ്ങനെയുള്ള അധിനിയമമോ അങ്ങനെയുള്ള വ്യവസ്ഥയോ ബാധകമല്ലാത്ത ഒരു സ്ഥലത്തെ സംബന്ധിച്ചിടത്തോളം ആ പ്രദേശത്ത് പ്രാബല്യത്തിലുള്ള തൽസ്ഥാനീയ നിയമമോ തൽസ്ഥാനീയ നിയമത്തിലെ പ്രസക്ത വ്യവസ്ഥയോ, ഏതെങ്കിലുമുണ്ടെങ്കിൽ, അവയെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കൽപിക്കേണ്ടതാണ്.

## അദ്ധ്യായം II

## ദേശീയ അന്വേഷണ ഏജൻസി

*ദേശീയ അന്വേഷണ ഏജൻസിയുടെ രൂപീകരണം.*

3. (1) പോലീസ് ആക്റ്റ്, 1861 (1861-ലെ 5)-ൽ എന്തുതന്നെയായിരുന്നാലും പട്ടികയിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള ആക്റ്റുകൾ പ്രകാരമുള്ള കുറ്റങ്ങൾ അന്വേഷിക്കുന്നതിനും പ്രോസിക്യൂട്ട് ചെയ്യുന്നതിനും വേണ്ടി കേന്ദ്ര സർക്കാരിന് ദേശീയ അന്വേഷണ ഏജൻസി എന്ന് വിളിക്കപ്പെടേണ്ട ഒരു പ്രത്യേക ഏജൻസി രൂപീകരിക്കാവുന്നതാണ്.

(2) കേന്ദ്രസർക്കാർ ഇതിലേക്കായി ഉണ്ടാക്കാവുന്ന ഏതെങ്കിലും ഉത്തരവുകൾക്ക് വിധേയമായി പട്ടികയിൽ ഉൾപ്പെട്ട കുറ്റങ്ങളുടെ അന്വേഷണവും അങ്ങനെയുള്ള കുറ്റങ്ങളുമായി ബന്ധപ്പെട്ട ആളുകളെ അറസ്റ്റ് ചെയ്യുന്നതും സംബന്ധിച്ച് ഏജൻസിയിലെ ഉദ്യോഗസ്ഥർക്ക് ഇതിലെ കുറ്റങ്ങളുടെ അന്വേഷണവുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥർക്കുള്ള എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും വിശേഷാൽ അധികാരങ്ങളും ബാദ്ധ്യതകളും ഭാരതം മുഴുവനും ഉണ്ടായിരിക്കുന്നതാണ്.

(3) കേന്ദ്ര സർക്കാർ ഇതിലേക്കായി ഉണ്ടാക്കുന്ന ഏതെങ്കിലും ഉത്തരവുകൾക്ക് വിധേയമായി സബ് ഇൻസ്പെക്ടറുടെ പദവിയിലോ അതിനു മുകളിലോ ഉള്ള ഏജൻസിയിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്, തത്സമയം അയാൾ സന്നിഹിതനായിട്ടുള്ള പ്രദേശത്തെ ഒരു പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഏതെങ്കിലും അധികാരങ്ങൾ ഭാരതം മുഴുവനും വിനിയോഗിക്കാവുന്നതും അങ്ങനെയുള്ള അധികാരങ്ങൾ അപ്രകാരം വിനിയോഗിക്കുമ്പോൾ, മേൽപറഞ്ഞ അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവുകൾക്ക് വിധേയമായി, അയാളുടെ സ്റ്റേഷന്റെ പരിധിയിൽ അങ്ങനെയുള്ള ഒരു ഉദ്യോഗസ്ഥന്റെ ചുമതലകൾ നിർവ്വഹിക്കുന്ന ഒരു പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഒരു ഉദ്യോഗസ്ഥനായി കരുതപ്പെടേണ്ടതുമാണ്.

*ദേശീയ അന്വേഷണ ഏജൻസിയുടെ മേൽനോട്ടം.*

4. (1) ഏജൻസിയുടെ മേൽനോട്ടം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) ഏജൻസിയുടെ ഭരണം കേന്ദ്രസർക്കാരിനാൽ ഇതിലേക്കായി നിയമിക്കപ്പെടുന്ന ഡയറക്ടർ ജനറലായി പദവിനിർദ്ദേശം ചെയ്യപ്പെട്ട ഒരു ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കുന്നതും അദ്ദേഹം കേന്ദ്രസർക്കാർ ഇതിലേക്കായി വിനിർദ്ദേശിക്കാവുന്ന പ്രകാരം ഒരു പോലീസ് ഡയറക്ടർ ജനറലിന് ഒരു സംസ്ഥാനത്തെ പോലീസ് സേനയെ സംബന്ധിച്ച് പ്രയോഗിക്കാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ ഏജൻസിയെ സംബന്ധിച്ച് പ്രയോഗിക്കേണ്ടതുമാകുന്നു.

*ഏജൻസി രൂപീകരിക്കുന്നതിന്റെ രീതിയും അംഗങ്ങളുടെ സേവനോപാധികളും.*

5. ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ഏജൻസി രൂപീകരിക്കേണ്ടതും ഏജൻസിയിൽ നിയോഗിക്കപ്പെട്ടിട്ടുള്ള ആളുകളുടെ സേവനോപാധികൾ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതുമാണ്.

## അദ്ധ്യായം III

## ദേശീയ അന്വേഷണ ഏജൻസിയാലുള്ള അന്വേഷണം

*പട്ടികയിൽ ഉൾപ്പെട്ട കുറ്റങ്ങളുടെ അന്വേഷണം.*

6. (1) പട്ടികയിൽ ഉൾപ്പെട്ട കുറ്റം സംബന്ധിച്ച വിവരം ലഭിച്ചതിന്മേലും നിയമസംഹിതയിലെ 154-ാം വകുപ്പ് പ്രകാരം അവ രേഖപ്പെടുത്തുന്നതിന്മേലും പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ സംസ്ഥാന സർക്കാരിന് റിപ്പോർട്ട് ഉടനടി അയച്ചുകൊടുക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ചാൽ കഴിയുന്നിടത്തോളം സത്വരമായി കേന്ദ്രസർക്കാരിന് സംസ്ഥാന സർക്കാർ റിപ്പോർട്ട് അയച്ചു കൊടുക്കേണ്ടതാണ്.

(3) സംസ്ഥാന സർക്കാരിൽ നിന്നും റിപ്പോർട്ട് ലഭിച്ചതിന്മേൽ സംസ്ഥാന സർക്കാർ ലഭ്യമാക്കിയതോ മറ്റ് സ്രോതസ്സുകളിൽ നിന്നും കിട്ടിയതോ ആയ വിവരത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ലഭിച്ച ദിവസം മുതൽ പതിനഞ്ച് ദിവസങ്ങൾക്കകം ആ കുറ്റം പട്ടികയിൽ ഉൾപ്പെട്ട ഒരു കുറ്റം ആണോ അല്ലയോ എന്നും കുറ്റത്തിന്റെ ഗൗരവവും മറ്റു പ്രസക്തമായ ഘടകങ്ങളും പരിഗണിച്ചുകൊണ്ട് അത് ഏജൻസിയാൽ അന്വേഷിക്കേണ്ട ഉചിതമായ ഒരു കേസാണോ എന്നും കേന്ദ്രസർക്കാർ തീരുമാനിക്കേണ്ടതാണ്.

(4) ആ കുറ്റം പട്ടികയിൽ ഉൾപ്പെട്ട ഒരു കുറ്റമാണെന്നും ഏജൻസിയാൽ അന്വേഷണം നടത്തേണ്ട ഉചിതമായ ഒരു കേസാണെന്നും കേന്ദ്രസർക്കാരിന് അഭിപ്രായമുള്ളിടത്ത്, പ്രസ്തുത കുറ്റം അന്വേഷിക്കുവാൻ ഏജൻസിയോട് അത് നിർദ്ദേശിക്കേണ്ടതാണ്.

(5) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരം അന്വേഷിക്കേണ്ട ആവശ്യകതയുള്ള പട്ടികയിൽ ഉൾപ്പെട്ട ഒരു കുറ്റം ചെയ്യപ്പെട്ടുവെന്ന് കേന്ദ്രസർക്കാരിന് അഭിപ്രായമുണ്ടെങ്കിൽ, അതിന് സ്വമേധയാ പ്രസ്തുത കുറ്റം അന്വേഷിക്കുവാൻ ഏജൻസിയോട് നിർദ്ദേശിക്കാവുന്നതാണ്.

(6) (4)-ാം ഉപവകുപ്പോ (5)-ാം ഉപവകുപ്പോ പ്രകാരം ഏതെങ്കിലും നിർദ്ദേശം നൽകിയിട്ടുള്ളിടത്ത് സംസ്ഥാന സർക്കാരും ആ കുറ്റം അന്വേഷിക്കുന്ന സംസ്ഥാന സർക്കാരിന്റെ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനും അന്വേഷണം തുടരാൻ പാടില്ലാത്തതും പ്രസക്തമായ രേഖകളും റിക്കാർഡുകളും ഉടനടി ഏജൻസിക്ക് അയയ്ക്കേണ്ടതുമാകുന്നു.

(7) സംശയങ്ങൾ നീക്കുന്നതിനായി, ആ കേസിന്റെ അന്വേഷണം ഏജൻസി ഏറ്റെടുക്കുന്നതുവരെ, അന്വേഷണം തുടരേണ്ടത് പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ കർത്തവ്യമാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

*സംസ്ഥാന സർക്കാരിന് അന്വേഷണം കൈമാറുന്നതിനുള്ള അധികാരം.*

7. ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും കുറ്റം അന്വേഷിക്കുമ്പോൾ കുറ്റത്തിന്റെ ഗൗരവവും മറ്റ് പ്രസക്തമായ ഘടകങ്ങളും പരിഗണിച്ച്, ഏജൻസിക്ക്—

(ക) അപ്രകാരം ചെയ്യുന്നത് യുക്തമാണെങ്കിൽ സംസ്ഥാന സർക്കാരിനോട് തന്നെ അന്വേഷണത്തിൽ സഹകരിക്കുവാൻ അപേക്ഷിക്കുകയോ ;

(ഖ) കുറ്റത്തിന്റെ അന്വേഷണത്തിനും വിചാരണയ്ക്കുമായി കേസ് സംസ്ഥാനസർക്കാരിന്, കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ, കൈമാറുകയോ,

ചെയ്യാവുന്നതാണ്.

*ബന്ധപ്പെട്ട കുറ്റങ്ങൾ അന്വേഷിക്കുന്നതിനുള്ള അധികാരം.*

8. പട്ടികയിൽ ഉൾപ്പെട്ട ഏതെങ്കിലും കുറ്റം അന്വേഷിക്കുമ്പോൾ കുറ്റം ആരോപിക്കപ്പെട്ടയാൾ ചെയ്തതായി ആരോപിക്കപ്പെട്ട മറ്റേതെങ്കിലും കുറ്റവും കൂടി, കുറ്റം പട്ടികയിൽ ഉൾപ്പെട്ട കുറ്റവുമായി ബന്ധപ്പെട്ടതാണെങ്കിൽ, ഏജൻസിക്ക് അന്വേഷിക്കാവുന്നതാണ്.

*സംസ്ഥാന സർക്കാർ ദേശീയ അന്വേഷണ ഏജൻസിക്ക് സഹായം നൽകണമെന്ന്.*

9. പട്ടികയിൽ ഉൾപ്പെട്ട കുറ്റങ്ങൾ അന്വേഷിക്കുന്നതിനുവേണ്ടി ഏജൻസിക്ക് എല്ലാ സഹായവും സഹകരണവും സംസ്ഥാന സർക്കാർ നൽകേണ്ടതാണ്.

*പട്ടികയിൽ ഉൾപ്പെട്ട കുറ്റങ്ങൾ അന്വേഷിക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം.*

10. ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, ഈ ആക്റ്റിൽ അടങ്ങിയിരിക്കുന്ന യാതൊന്നുംതന്നെ പട്ടികയിൽ ഉൾപ്പെട്ട ഏതെങ്കിലും കുറ്റമോ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിലുള്ള മറ്റു കുറ്റങ്ങളോ അന്വേഷിക്കുന്നതിനും പ്രോസിക്യൂട്ട് ചെയ്യുന്നതിനുമുള്ള സംസ്ഥാന സർക്കാരിന്റെ അധികാരങ്ങളെ ബാധിക്കുന്നതല്ല.

അദ്ധ്യായം IV

## പ്രത്യേക കോടതികൾ

പ്രത്യേക കോടതികൾ രൂപീകരിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം.

11. (1) കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, പട്ടികയിൽ ഉൾപ്പെട്ട കുറ്റങ്ങളുടെ വിചാരണയ്ക്കുവേണ്ടി വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരം അങ്ങനെയുള്ള പ്രദേശത്തിനോ പ്രദേശങ്ങൾക്കോ അങ്ങനെയുള്ള കേസിനോ, കേസുകളുടെ വിഭാഗത്തിനോ, ഗ്രൂപ്പിനോ വേണ്ടി ഒന്നോ അതിലധികമോ പ്രത്യേക കോടതികൾ രൂപീകരിക്കേണ്ടതാണ്.

(2) ഏതെങ്കിലും പ്രത്യേക കോടതിയുടെ അധികാരിതയെ സംബന്ധിച്ച് ഏതെങ്കിലും ചോദ്യം ഉത്ഭവിക്കുന്നിടത്ത്, അത് കേന്ദ്ര സർക്കാരിന് റഫർ ചെയ്യേണ്ടതും ആ കാര്യത്തിലുള്ള അതിന്റെ തീരുമാനം അന്തിമമായിരിക്കേണ്ടതുമാണ്.

(3) ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസിന്റെ ശിപാർശയിൻമേൽ കേന്ദ്ര സർക്കാരിനാൽ നിയമിക്കപ്പെടുന്ന ഒരു ജഡ്ജി ഒരു പ്രത്യേക കോടതിയുടെ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(4) പ്രത്യേക കോടതിയുടെ ആദ്ധ്യക്ഷ്യം വഹിക്കുന്നതിലേക്ക് ഒരു ജഡ്ജിയെ നിയമിക്കുന്നതിന് ഹൈക്കോടതി ചീഫ് ജസ്റ്റിസ് മുമ്പാകെ ഏജൻസിക്ക് ഒരു അപേക്ഷ കൊടുക്കാവുന്നതാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം ഒരു അപേക്ഷ ലഭിക്കുന്നതിൻമേൽ ചീഫ് ജസ്റ്റിസ്, കഴിയുന്നത്രവേഗത്തിലും ഏഴു ദിവസങ്ങൾക്കുശേഷമല്ലാതെയും പ്രത്യേക കോടതിയിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ട ഒരു ജഡ്ജിയുടെ പേര് ശിപാർശ ചെയ്യേണ്ടതാണ്.

(6) കേന്ദ്രസർക്കാരിന് ആവശ്യമെങ്കിൽ പ്രത്യേക കോടതിയിലേക്ക് ഒരു അഡീഷണൽ ജഡ്ജിയെയോ അഡീഷണൽ ജഡ്ജിമാരെയോ ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ ശിപാർശയിൻമേൽ നിയമിക്കാവുന്നതാണ്.

(7) ഒരാൾ പ്രത്യേക കോടതിയിൽ ഒരു ജഡ്ജിയായോ ഒരു അഡീഷണൽ ജഡ്ജിയായോ നിയമിക്കപ്പെടുന്നതിന് അദ്ദേഹം അങ്ങനെയുള്ള നിയമനത്തിന് തൊട്ടുമുൻപ് ഏതെങ്കിലും സംസ്ഥാനത്തെ ഒരു സെഷൻസ് ജഡ്ജിയോ അഡീഷണൽ സെഷൻസ് ജഡ്ജിയോ ആയിരിക്കാത്തപക്ഷം, യോഗ്യനായിരിക്കുന്നതല്ല.

(8) സംശയങ്ങൾ നീക്കുന്നതിലേക്കായി, ഒരു പ്രത്യേക കോടതിയിലെ ഒരു ജഡ്ജിയായോ അഡീഷണൽ ജഡ്ജിയായോ നിയമിതനായ ഒരാൾ അദ്ദേഹം ബന്ധപ്പെട്ടിരിക്കുന്ന സേവനത്തിൽ അദ്ദേഹത്തിന് ബാധകമായ ചട്ടങ്ങൾ പ്രകാരം അധിവർഷതയ്ക്കുള്ള പ്രായം എത്തുന്നത് അങ്ങനെയുള്ള ജഡ്ജിയായോ അഡീഷണൽ ജഡ്ജിയായോ തുടരുന്നതിനെ ബാധിക്കുന്നതല്ലെന്ന് ഇതിനാൽ വ്യവസ്ഥ ചെയ്തിരിക്കുന്നതും കേന്ദ്ര സർക്കാരിന് ഉത്തരവ് വഴി ഒരു നിർദ്ദിഷ്ട തീയതി വരെയോ ആ ഉത്തരവിൽ വിനിർദ്ദേശിക്കാവുന്നതുപോലെ അദ്ദേഹത്തിന്റെ മുമ്പാകെയുള്ള കേസിന്റെയോ കേസുകളുടെയോ വിചാരണ പൂർത്തിയാകുന്നതുവരെയോ അദ്ദേഹം ജഡ്ജിയായി തുടരേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതുമാണ്.

(9) ഏതെങ്കിലും അഡീഷണൽ ജഡ്ജിയെയോ അഡീഷണൽ ജഡ്ജിമാരെയോ ഒരു പ്രത്യേക കോടതിയിൽ നിയമിക്കുമ്പോൾ പ്രത്യേക കോടതിയുടെ ജഡ്ജിക്ക് കാലാകാലങ്ങളിൽ പൊതുവായതോ പ്രത്യേകമായതോ ആയ ലിഖിതമായ ഉത്തരവ് വഴി തനിക്കും അഡീഷണൽ ജഡ്ജിയോ അഡീഷണൽ ജഡ്ജിമാരോ ഉൾപ്പെടെ എല്ലാ ജഡ്ജിമാർക്കുമിടയിൽ പ്രത്യേക കോടതിയുടെ ബിസിനസ് വീതിച്ചു നൽകുന്നതിനും അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിന്റെയോ ഏതെങ്കിലും അഡീഷണൽ ജഡ്ജിയുടെ അസാന്നിദ്ധ്യത്തിന്റെയോ സന്ദർഭത്തിൽ അടിയന്തിരമായി ബിസിനസ് തീർപ്പാക്കുന്നതിനും വേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

*സിറ്റിംഗിനുള്ള സ്ഥലം.*

12. ഒരു പ്രത്യേകകോടതിക്ക് സ്വമേധയായോ ഒരു പബ്ലിക് പ്രോസിക്യൂട്ടറുടെ അപേക്ഷയിൻമേലോ, അപ്രകാരം ചെയ്യുന്നത് യുക്തമെന്നോ അഭിലഷണീയമെന്നോ അത് പരിഗണിക്കുന്നുവെങ്കിൽ, അതിന്റെ സാധാരണയായ സിറ്റിംഗിനുള്ള സ്ഥലത്തല്ലാതെ ഏതെങ്കിലും സ്ഥലത്ത് അതിന്റെ ഏതെങ്കിലും നടപടികൾക്കായി സിറ്റിംഗ് നടത്താവുന്നതാണ്.

*പ്രത്യേക കോടതികളുടെ അധികാരിത.*

13. (1) നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഏജൻസിയാൽ അന്വേഷണം നടത്തിയ പട്ടികയിൽ ഉൾപ്പെട്ട ഓരോ കുറ്റവും ഏത് കോടതിയുടെ തദ്ദേശാധികാരിതയ്ക്കുള്ളിലാണ് അത് ചെയ്യപ്പെട്ടത്, ആ കോടതിയാൽ മാത്രം വിചാരണ ചെയ്യപ്പെടേണ്ടതാണ്.

(2) ഒരു സംസ്ഥാനത്ത് നിലവിലുള്ള സ്ഥിതിഗതിയുടെ അടിയന്തിര ഘട്ടം പരിഗണിച്ചുകൊണ്ട്—

(ക) ന്യായമായതോ നിഷ്പക്ഷമായതോ അല്ലെങ്കിൽ സത്വരമായതോ ആയ വിചാരണ ചെയ്യുന്നത് സാദ്ധ്യമല്ലെങ്കിലോ;

(ഖ) സമാധാന ലംഘനം ഉണ്ടാക്കാതെയോ കുറ്റം ആരോപിക്കപ്പെട്ടയാളുടെയോ സാക്ഷികളുടെയോ പബ്ലിക് പ്രോസിക്യൂട്ടറുടെയോ ഒരു പ്രത്യേകകോടതിയുടെ ജഡ്ജിയുടെയോ അവരിൽ ആരുടെയെങ്കിലുമോ സുരക്ഷിതത്വത്തിന് ഗുരുതരമായ അപകടസാദ്ധ്യത കൂടാതെയോ വിചാരണ ചെയ്യുന്നത് പ്രായോഗികമല്ലെങ്കിലോ ;

(ഗ) മറ്റു വിധത്തിൽ അത് നീതിയുടെ താൽപര്യത്തിൽ അല്ലെങ്കിലോ,

ഒരു പ്രത്യേക കോടതി മുൻപാകെ നിലവിലുള്ള ഏതെങ്കിലും കേസ് സുപ്രീംകോടതിക്ക് ആ സംസ്ഥാനത്തിനകത്തോ മറ്റേതെങ്കിലും സംസ്ഥാനത്തോ ഉള്ള മറ്റേതെങ്കിലും പ്രത്യേക കോടതിയിലേക്ക് കൈമാറ്റം ചെയ്യാവുന്നതും ഹൈക്കോടതിക്ക് ആ സംസ്ഥാനത്തെ ഒരു പ്രത്യേക കോടതി മുൻപാകെ നിലവിലുള്ള ഏതെങ്കിലും കേസ് ആ സംസ്ഥാനത്തിനകത്തെ മറ്റേതെങ്കിലും പ്രത്യേക കോടതിയിലേക്ക് കൈമാറ്റം ചെയ്യാവുന്നതുമാണ്.

(3) സുപ്രീംകോടതിക്കോ, അതതു സംഗതിപോലെ, ഹൈക്കോടതിക്കോ കേന്ദ്രസർക്കാരിന്റെയോ താൽപര്യമുള്ള ഒരു കക്ഷിയുടെയോ അപേക്ഷയിൻമേൽ ഈ വകുപ്പുപ്രകാരം നടപടിയെടുക്കാവുന്നതും, ഭാരതത്തിന്റെ അറ്റോർണി ജനറൽ അപേക്ഷകനാകുമ്പോൾ ഒഴികെ, അങ്ങനെയുള്ള

ഏതെങ്കിലും അപേക്ഷ, അർത്ഥനയാൽ ആയിരിക്കേണ്ടതും അത് ഒരു സത്യവാങ്മൂലത്തിന്റെയോ പ്രതിജ്ഞയുടെയോ പിൻബലത്തോടുകൂടിയായിരിക്കേണ്ടതുമാണ്.

*മറ്റ് കുറ്റങ്ങൾ സംബന്ധിച്ച് പ്രത്യേക കോടതികളുടെ അധികാരങ്ങൾ.*

14. (1) ഏതെങ്കിലും കുറ്റം വിചാരണ ചെയ്യുമ്പോൾ, കുറ്റം ആരോപിക്കപ്പെട്ടയാൾ നിയമസംഹിതയുടെ കീഴിൽ ചാർജ് ചെയ്യപ്പെടാവുന്ന മറ്റേതെങ്കിലും കുറ്റവുംകൂടി അത് അങ്ങനെയുള്ള മറ്റ് കുറ്റവുമായി ബന്ധപ്പെട്ട കുറ്റമാണെങ്കിൽ, പ്രത്യേക കോടതിക്ക് അതേ വിചാരണയിൽ വിചാരണ ചെയ്യാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും കുറ്റത്തിന്റെ ഏതെങ്കിലും വിചാരണയുടെ വേളയിൽ, ഈ ആക്റ്റ് പ്രകാരമോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമത്തിൻകീഴിലോ കുറ്റം ആരോപിക്കപ്പെട്ടയാൾ മറ്റേതെങ്കിലും കുറ്റം ചെയ്തിട്ടുള്ളതായി കാണപ്പെടുന്നുവെങ്കിൽ പ്രത്യേക കോടതിക്ക് അങ്ങനെയുള്ള ആളെ അങ്ങനെയുള്ള മറ്റ് കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യാവുന്നതും ഈ ആക്റ്റിനാലോ, അതത് സംഗതിപോലെ, അങ്ങനെയുള്ള മറ്റു നിയമത്തിൻകീഴിലോ, പ്രാധികാരപ്പെടുത്തിയ ഏതെങ്കിലും ശിക്ഷാവിധി പാസ്സാക്കുകയോ ശിക്ഷ നൽകുകയോ ചെയ്യാവുന്നതാണ്.

*പബ്ലിക് പ്രോസിക്യൂട്ടർമാർ.*

15. (1) കേന്ദ്ര സർക്കാർ ഒരാളിനെ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിക്കേണ്ടതും ഒന്നോ അതിലധികമോ ആളുകളെ അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറായോ അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരായോ നിയമിക്കാവുന്നതുമാണ്:

എന്നാൽ കേന്ദ്ര സർക്കാരിന് ഏതെങ്കിലും കേസിനോ കേസുകളുടെ വിഭാഗത്തിനോ ഗ്രൂപ്പിനോ ഒരു സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ കൂടി നിയമിക്കാവുന്നതാണ്.

(2) ഒരാൾ ഏഴ് വർഷത്തിൽ കുറയാതെ ഒരു അഭിഭാഷകനായി പ്രാക്റ്റീസ് ചെയ്തിരുന്നിരിക്കുകയോ യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കീഴിൽ ഏഴുവർഷത്തിൽ കുറയാത്ത ഒരു കാലയളവിൽ നിയമത്തെക്കുറിച്ച് പ്രത്യേക അറിവ് ആവശ്യപ്പെടുന്ന ഏതെങ്കിലും തസ്തിക വഹിച്ചിരുന്നിരിക്കുകയോ ചെയ്യാത്തപക്ഷം ഈ വകുപ്പ് പ്രകാരം ഒരു പബ്ലിക് പ്രോസിക്യൂട്ടറായോ ഒരു അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറായോ ഒരു സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായോ നിയമിക്കപ്പെടുവാൻ അയാൾ യോഗ്യനായിരിക്കുന്നതല്ല.

(3) ഈ വകുപ്പ് പ്രകാരം ഒരു പബ്ലിക് പ്രോസിക്യൂട്ടറായോ ഒരു അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറായോ ഒരു സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായോ നിയമിക്കപ്പെടുന്ന ഏതൊരാളും നിയമസംഹിതയുടെ 2-ാം വകുപ്പ് (പ) ഖണ്ഡത്തിന്റെ അർത്ഥത്തിനുള്ളിലെ ഒരു പബ്ലിക് പ്രോസിക്യൂട്ടറായി കരുതപ്പെടേണ്ടതും നിയമസംഹിതയിലെ വ്യവസ്ഥകൾക്ക് അതനുസരിച്ച് പ്രഭാവം ഉണ്ടായിരിക്കുന്നതുമാകുന്നു.

*പ്രത്യേക കോടതികളുടെ നടപടിക്രമവും അധികാരങ്ങളും.*

16. (1) ഒരു പ്രത്യേക കോടതിക്ക് ഏതെങ്കിലും കുറ്റം ഉണ്ടാക്കിത്തീർക്കുന്ന വസ്തുതകളെക്കുറിച്ച് ഒരു പരാതി ലഭിക്കുന്നതിന്മേലോ അല്ലെങ്കിൽ അങ്ങനെയുള്ള വസ്തുതകളെക്കുറിച്ചുള്ള ഒരു പോലീസ് റിപ്പോർട്ടിന്മേലോ കുറ്റം ആരോപിക്കപ്പെട്ടയാളെ വിചാരണയ്ക്കായി അതിന് കമ്മിറ്റ് ചെയ്യാതെ അങ്ങനെയുള്ള കുറ്റം നടപടിക്കെടുക്കാവുന്നതാണ്.

(2) ഒരു പ്രത്യേക കോടതിയാൽ വിചാരണ ചെയ്യാവുന്ന ഒരു കുറ്റത്തിന് മൂന്ന് വർഷത്തിൽ കവിയാത്ത ഒരു കാലത്തേക്കുള്ള തടവിനോ പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷിക്കാവുന്നിടത്ത് നിയമസംഹിതയുടെ 260-ാം വകുപ്പ് (1)-ാം ഉപവകുപ്പിലോ 262-ാം വകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രത്യേക കോടതിക്ക് നിയമസംഹിതയിൽ നിർണ്ണയിച്ചിട്ടുള്ള നടപടിക്രമം അനുസരിച്ച് ആ കുറ്റം സമ്മറിമാർഗ്ഗത്തിൽ വിചാരണ ചെയ്യാവുന്നതും അങ്ങനെയുള്ള വിചാരണയ്ക്ക് നിയമസംഹിതയുടെ 263 മുതൽ 265 വരെയുള്ള വകുപ്പുകളിലെ വ്യവസ്ഥകൾ ആകാവുന്നിടത്തോളം ബാധകമാകുന്നതുമാണ്:

എന്നാൽ ഈ ഉപവകുപ്പുപ്രകാരമുള്ള ഒരു സമ്മറി വിചാരണയുടെ വേളയിൽ കേസിന്റെ സ്വഭാവം സമ്മറി മാർഗ്ഗത്തിൽ അത് വിചാരണ ചെയ്യുന്നത് അഭിലഷണീയമല്ലാത്ത അങ്ങനെയുള്ള തരത്തിലുള്ളതാണെന്ന് പ്രത്യേക കോടതിക്ക് തോന്നുമ്പോൾ വിസ്തരിക്കപ്പെടുമായിരുന്ന ഏതെങ്കിലും സാക്ഷികളെ പ്രത്യേക കോടതി തിരികെ വിളിക്കേണ്ടതും അങ്ങനെയുള്ള കുറ്റം വിചാരണ ചെയ്യുന്നതിന് നിയമസംഹിതയിലെ വ്യവസ്ഥകളാൽ വ്യവസ്ഥ ചെയ്ത രീതിയിൽ ആ കേസിൽ പുനർവാദം തുടരേണ്ടതും പ്രസ്തുത വ്യവസ്ഥകൾ ഒരു മജിസ്ട്രേട്ടിനും മജിസ്ട്രേട്ടിനെ സംബന്ധിച്ചും അവ ബാധകമാകുന്നതുപോലെ ഒരു പ്രത്യേക കോടതിക്കും ബാധകമാകുന്നതുമാണ്:

എന്നുമാത്രമല്ല ഈ വകുപ്പ് പ്രകാരം ഒരു സമ്മറി വിചാരണയിലെ ഏതെങ്കിലും കുറ്റസ്ഥാപനത്തിന്റെ സംഗതിയിൽ, ഒരു പ്രത്യേക കോടതി ഒരു വർഷത്തിൽ കവിയാത്ത ഒരു കാലത്തേയ്ക്കുള്ള തടവും അഞ്ച് ലക്ഷം രൂപ വരെ ആകാവുന്ന പിഴയും നൽകി ഒരു ശിക്ഷാവിധി പാസ്സാക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിന്റെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി ഏതെങ്കിലും കുറ്റത്തിന്റെ വിചാരണയുടെ ആവശ്യങ്ങൾക്കായി, ഒരു പ്രത്യേക കോടതിക്ക് ഒരു സെഷൻസ് കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും അത് ഒരു സെഷൻസ് കോടതി എന്നതുപോലെ ആകാവുന്നിടത്തോളം, ഒരു സെഷൻസ് കോടതി മുമ്പാകെയുള്ള വിചാരണയ്ക്കായി നിയമസംഹിതയിൽ വിനിർദ്ദേശിച്ചിട്ടുള്ള നടപടിക്രമത്തിന് അനുസൃതമായി അങ്ങനെയുള്ള കുറ്റം വിചാരണ ചെയ്യേണ്ടതുമാണ്.

(4) ഈ ആക്റ്റിന്റെ മറ്റുവ്യവസ്ഥകൾക്ക് വിധേയമായി 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഒരു പ്രത്യേക കോടതിയിലേക്ക് കൈമാറ്റം ചെയ്ത ഓരോ കേസും അങ്ങനെയുള്ള പ്രത്യേക കോടതിയിലേക്ക് നിയമസംഹിതയുടെ 406-ാം വകുപ്പ് പ്രകാരം അങ്ങനെയുള്ള കേസ് കൈമാറ്റം ചെയ്തു എന്നതുപോലെ കൈകാര്യം ചെയ്യേണ്ടതാണ്.

(5) നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, എന്നാൽ നിയമസംഹിതയുടെ 299-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു പ്രത്യേക കോടതിക്ക്, അത് യുക്തമെന്ന് കരുതുന്നുവെങ്കിലും, അത് ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാലും, കുറ്റം ആരോപിക്കപ്പെട്ടയാളുടെയോ അയാളുടെ പ്ലീഡറുടെയോ

അഭാവത്തിൽ വിചാരണ തുടരാവുന്നതും സാക്ഷികളെ എതിർവിസ്താരത്തിനുവേണ്ടി വീണ്ടും വിളിച്ചുവരുത്തുന്നതിനുള്ള കുറ്റം ആരോപിക്കപ്പെട്ടയാളുടെ അവകാശത്തിന് വിധേയമായി ഏതെങ്കിലും സാക്ഷിയുടെ തെളിവ് രേഖപ്പെടുത്താവുന്നതുമാകുന്നു.

*സാക്ഷികളുടെ സംരക്ഷണം.*

17. (1) നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രത്യേക കോടതി അപ്രകാരം ആഗ്രഹിക്കുന്നുവെങ്കിൽ, ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ ഈ ആക്റ്റ് പ്രകാരമുള്ള നടപടികൾ സ്വകാര്യമായി നടത്താവുന്നതാണ്.

(2) പ്രത്യേക കോടതി മുമ്പാകെയുള്ള ഏതൊരു നടപടിയിലും ഒരു സാക്ഷിയാലോ അങ്ങനെയുള്ള സാക്ഷിയെ സംബന്ധിച്ചിടത്തോളം ഒരു പബ്ലിക് പ്രോസിക്യൂട്ടറാലോ ഉള്ള ഒരു അപേക്ഷയിന്മേലോ സ്വമേധയായോ അങ്ങനെയുള്ള സാക്ഷിയുടെ ജീവൻ അപകടത്തിലാണെന്ന് അതിന് ബോധ്യമാകുന്നുവെങ്കിൽ അങ്ങനെയുള്ള സാക്ഷിയുടെ അനന്യതയും മേൽവിലാസവും രഹസ്യമായി സൂക്ഷിക്കുന്നതിന് ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ, അതിന് യുക്തമെന്ന് തോന്നുന്ന നടപടികൾ എടുക്കാവുന്നതാണ്.

(3) പ്രത്യേകിച്ചും (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും ആ ഉപവകുപ്പ് പ്രകാരം ഒരു പ്രത്യേക കോടതിക്ക് എടുക്കാവുന്ന നടപടികളിൽ—

(ക) പ്രത്യേക കോടതിയിൽ തീരുമാനിക്കേണ്ട ഒരു സ്ഥലത്തു വച്ച് നടപടികൾ നടത്തുന്നത് ;

(ഖ) അതിന്റെ ഉത്തരവുകളിലോ വിധിന്യായങ്ങളിലോ പൊതു ജനങ്ങൾക്ക് പ്രാപ്യമായ കേസിന്റെ ഏതെങ്കിലും രേഖകളിലോ, സാക്ഷികളുടെ പേരുകളുടെയും മേൽവിലാസങ്ങളുടെയും പരാമർശം ഒഴിവാക്കുന്നത്;

(ഗ) സാക്ഷികളുടെ അനന്യതയും മേൽവിലാസവും വെളിപ്പെടുത്തിയിട്ടില്ലെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ട ഏതെങ്കിലും നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്;

(ഘ) അങ്ങനെയുള്ള ഒരു കോടതി മുമ്പാകെ നിലവിലിരിക്കുന്ന എല്ലാമോ ഏതെങ്കിലുമോ നടപടികൾ യാതൊരു രീതിയിലും പ്രസിദ്ധപ്പെടുത്തുവാൻ പാടില്ലായെന്ന് ഉത്തരവാകുന്നത് പൊതുതാൽപ്പര്യത്തിലാണെന്ന ഒരു തീരുമാനം,

എന്നിവ ഉൾപ്പെടാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും തീരുമാനമോ നിർദ്ദേശമോ ലംഘിക്കുന്ന ഏതെങ്കിലും ആൾ മൂന്ന് വർഷത്തോളമാകാവുന്ന ഒരു കാലത്തേക്കുള്ള തടവുശിക്ഷയ്ക്കും ആയിരം രൂപ വരെ ആകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതാണ്.

*പ്രോസിക്യൂഷനുള്ള അനുവാദം.*

18. ഏജൻസിയുടെ ഏതെങ്കിലും അംഗത്തിനോ അയാൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഏതെങ്കിലും ആളിനോ എതിരെ ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങളുടെ വിനിയോഗത്തിൽ ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ എന്തെങ്കിലും സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ, ഏതെങ്കിലും നിയമ കോടതി മുമ്പാകെ യാതൊരു പ്രോസിക്യൂഷനോ വ്യവഹാരമോ മറ്റ് നിയമനടപടികളോ ആരംഭിക്കുവാൻ പാടുള്ളതല്ല.

GCPT. 3/2401/2013

*പ്രത്യേക കോടതിയാലുള്ള വിചാരണയ്ക്കു മുൻഗണന ഉണ്ടായിരിക്കുമെന്ന്.*

19. ഈ വകുപ്പ് പ്രകാരം ഒരു പ്രത്യേക കോടതിയാലുള്ള ഏതെങ്കിലും കുറ്റത്തിന്റെ വിചാരണ എല്ലാ പ്രവൃത്തി ദിവസങ്ങളിലും അനുദിന അടിസ്ഥാനത്തിൽ നടത്തേണ്ടതും കുറ്റം ആരോപിക്കപ്പെട്ട ആൾക്കെതിരെ മറ്റേതെങ്കിലും കോടതിയിലുള്ള (പ്രത്യേക കോടതിയല്ലാത്ത) മറ്റേതെങ്കിലും കേസിലെ വിചാരണയ്ക്കുമേൽ പ്രഥമഗണന ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള മറ്റ് കേസ്സിന്റെ വിചാരണയ്ക്കുമേൽ മുൻഗണന നൽകി പൂർത്തിയാക്കേണ്ടതും അതനുസരിച്ച് അങ്ങനെയുള്ള മറ്റ് കേസ്സിന്റെ വിചാരണ, ആവശ്യമെങ്കിൽ, നിർത്തിവച്ചതായി നിലനിൽക്കുന്നതുമാണ്.

*കേസ്സുകൾ സ്ഥിരം കോടതികളിലേക്ക് മാറ്റാനുള്ള അധികാരം.*

20. ഏതെങ്കിലും കുറ്റം നടപടിക്കെടുത്തതിനുശേഷം, ഒരു പ്രത്യേക കോടതിക്ക് ആ കുറ്റം അതിനാൽ വിചാരണ ചെയ്യാവുന്നതല്ലെന്ന് അഭിപ്രായമുള്ളിടത്ത് അങ്ങനെയുള്ള കുറ്റം വിചാരണ ചെയ്യുന്നതിന് അതിന് അധികാരിതയില്ലെന്നിരുന്നാലും നിയമസംഹിത പ്രകാരം അധികാരിതയുള്ള ഏതെങ്കിലും കോടതിയിലേക്ക് അങ്ങനെയുള്ള കുറ്റത്തിന്റെ വിചാരണയ്ക്കായി കേസ് കൈമാറേണ്ടതും ഏത് കോടതിയിലേക്കാണോ കേസ് കൈമാറിയത്, ആ കോടതിക്ക്, ആ കുറ്റം അത് നടപടിക്കെടുത്തുവെന്നതുപോലെ ആ കുറ്റത്തിന്റെ വിചാരണ തുടർന്ന് നടത്താവുന്നതുമാണ്.

*അപ്പീലുകൾ.*

21. (1) നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു പ്രത്യേക കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിൽ നിന്നോ ശിക്ഷാവിധിയിൽ നിന്നോ ഇടക്കാല ഉത്തരവ് അല്ലാതെയുള്ള ഉത്തരവിൽ നിന്നോ വസ്തുതകളിന്മേലും നിയമത്തിന്മേലും ഹൈക്കോടതിയിൽ അപ്പീൽ നിലനിൽക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ അപ്പീലും ഹൈക്കോടതിയിലെ രണ്ട് ജഡ്ജിമാരുടെ ഒരു ബെഞ്ച് കേൾക്കേണ്ടതും കഴിയുന്നിടത്തോളം, അപ്പീൽ സ്വീകരിച്ച തീയതി മുതൽ മൂന്ന് മാസത്തെ ഒരു കാലയളവിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ്.

(3) മുൻപറഞ്ഞ പ്രകാരമൊഴികെ, ഒരു പ്രത്യേക കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിൽ നിന്നോ ശിക്ഷാവിധിയിൽ നിന്നോ

അല്ലെങ്കിൽ ഒരു ഇടക്കാല ഉത്തരവ് ഉൾപ്പെടെയുള്ള ഉത്തരവിൽ നിന്നോ ഉള്ള യാതൊരു അപ്പീലോ റിവിഷനോ ഏതെങ്കിലും കോടതിയിൽ നിലനിൽക്കുന്നതല്ല.

(4) നിയമസംഹിതയുടെ 378-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രത്യേക കോടതി ജാമ്യം അനുവദിക്കുകയോ നിരസിക്കുകയോ ചെയ്ത ഒരു ഉത്തരവിനെതിരെ ഹൈക്കോടതിയിൽ ഒരു അപ്പീൽ നിലനിൽക്കുന്നതാണ്.

(5) ഈ വകുപ്പ് പ്രകാരമുള്ള ഓരോ അപ്പീലും, ഏത് വിധിന്യായത്തിൽ നിന്നോ ശിക്ഷാവിധിയിൽ നിന്നോ ഉത്തരവിൽ നിന്നോ ആണ് അപ്പീൽ നൽകിയിട്ടുള്ളത്, അതിന്റെ തീയതി മുതൽ മുപ്പത് ദിവസത്തെ ഒരു കാലയളവിനുള്ളിൽ നൽകേണ്ടതാണ്:

എന്നാൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ അപ്പീൽ നൽകാതിരിക്കുന്നതിന് അപ്പീൽവാദിക്ക് മതിയായ കാരണമുണ്ടെന്ന് അതിന് ബോദ്ധ്യമാകുന്നപക്ഷം മേൽപ്പറഞ്ഞ മുപ്പത് ദിവസത്തെ കാലയളവിന് ശേഷവും ഹൈക്കോടതിക്ക് ഒരു അപ്പീൽ സ്വീകരിക്കാവുന്നതാണ്:

എന്നുമാത്രമല്ല തൊണ്ണൂറ് ദിവസത്തെ കാലയളവിന് ശേഷം യാതൊരു അപ്പീലും സ്വീകരിക്കുവാൻ പാടില്ലാത്തതാകുന്നു.

*പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം.*

22. (1) പട്ടികയിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള ഏതെങ്കിലുമോ എല്ലാമോ അധിനിയമങ്ങളിൻകീഴിലുള്ള കുറ്റങ്ങളുടെ വിചാരണയ്ക്കായി സംസ്ഥാനസർക്കാരിന് ഒന്നോ അതിലധികമോ പ്രത്യേക കോടതികൾ രൂപീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാനസർക്കാരിനാൽ രൂപീകരിക്കപ്പെട്ട പ്രത്യേക കോടതികൾക്ക് ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതും താഴെ പറയുന്ന രൂപഭേദപ്പെടുത്തലുകൾക്ക് വിധേയമായി പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

(i) 11-ഉം, 15-ഉം വകുപ്പുകളിലെ "കേന്ദ്രസർക്കാർ" എന്ന പരാമർശങ്ങൾക്ക് "സംസ്ഥാന സർക്കാർ" എന്ന പരാമർശങ്ങളായി അർത്ഥം കൽപിക്കേണ്ടതാണ്;

(ii) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ "ഏജൻസി" എന്ന പരാമർശത്തിന് "സംസ്ഥാന സർക്കാരിന്റെ അന്വേഷണ ഏജൻസി" എന്ന പരാമർശമായി അർത്ഥം കൽപിക്കേണ്ടതാണ്;

(iii) 13-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ "ഭാരതത്തിന്റെ അറ്റോർണി ജനറൽ" എന്ന പരാമർശത്തിന് "സംസ്ഥാനത്തെ അഡ്വക്കേറ്റ് ജനറൽ" എന്ന പരാമർശമായി അർത്ഥം കൽപിക്കേണ്ടതാണ്.

(3) നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (1)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന സർക്കാരിനാൽ ഒരു പ്രത്യേകകോടതി രൂപീകരിക്കപ്പെടുന്നതുവരെ, ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റത്തിന്റെ സംഗതിയിൽ ഒരു പ്രത്യേക കോടതിക്ക് ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരിത, അങ്ങനെയുള്ള കുറ്റം ചെയ്യപ്പെട്ട ഡിവിഷനിലെ സെഷൻസ് കോടതിക്ക് പ്രയോഗിക്കാവുന്നതും ഈ അദ്ധ്യായത്തിൻകീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എല്ലാ അധികാരങ്ങളും അതിന് ഉണ്ടായിരിക്കുന്നതും ഈ അദ്ധ്യായത്തിൻകീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമം അത് പാലിക്കേണ്ടതുമാകുന്നു.

(4) സംസ്ഥാന സർക്കാരിനാൽ പ്രത്യേക കോടതി രൂപീകരിക്കുന്ന തീയതിയിലും അതു മുതൽക്കും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പ്രത്യേക കോടതി മുമ്പാകെ നടത്തപ്പെടേണ്ടതാണെന്ന് ആവശ്യപ്പെടുമായിരുന്ന സംസ്ഥാന സർക്കാരിനാൽ അന്വേഷണം നടത്തിയ ഏതെങ്കിലും കുറ്റത്തിന്റെ വിചാരണ, ആ കോടതി രൂപീകരിക്കുന്ന തീയതിയിൽ അതിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടതായി നിലനിൽക്കുന്നതാണ്.

## അദ്ധ്യായം V

## പലവക

*ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള ഹൈക്കോടതികളുടെ അധികാരം.*

23. ഹൈക്കോടതിക്ക്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, അതിന്റെ അധികാരപരിധിക്കുള്ളിലെ പ്രത്യേക കോടതികളെ സംബന്ധിച്ച, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി അത് ആവശ്യമെന്നു കരുതാവുന്ന, അങ്ങനെയുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

*വിഷമതകൾ നീക്കുന്നതിനുള്ള അധികാരം.*

24. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ ഏതെങ്കിലും വിഷമത ഉത്ഭവിക്കുന്നുവെങ്കിൽ, കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവു വഴി, ആ വിഷമത നീക്കുന്നതിന് ആവശ്യമെന്നോ സമീചീനമെന്നോ അതിന് തോന്നാവുന്ന, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ് :

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ രണ്ടു വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പിൻകീഴിൽ യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കിയ ഓരോ ഉത്തരവും അത് ഉണ്ടാക്കിയശേഷം, കഴിയുന്നത്ര വേഗം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുൻപാകെ വയ്ക്കേണ്ടതാണ്.

*ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.*

25. (1) കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 5-ാം വകുപ്പ് പ്രകാരം ഏജൻസിയുടെ രൂപീകരണത്തിന്റെ രീതിയും ഏജൻസി നിയമിക്കുന്ന ആളുകളുടെ സേവനോപാധികളും;

(ഖ) നിർണ്ണയിക്കപ്പെടേണ്ടതെന്ന് ആവശ്യപ്പെട്ടിട്ടുള്ളതോ നിർണ്ണയിക്കാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

ചട്ടങ്ങൾ വയ്ക്കുന്നത്.

26. ഈ ആക്റ്റിൻകീഴിൽ കേന്ദ്രസർക്കാർ ഉണ്ടാക്കിയ ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടേയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പതുദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്ത് വരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുമ്പ്, ഇരുസഭകളും, ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രഭാവവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, ആ ചട്ടത്തിൻകീഴിൽ മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.

## പട്ടിക

[വകുപ്പ് 2 (1) (ച) കാണുക]

1. ദി അറ്റോമിക് എനർജി ആക്റ്റ്, 1962 (1962-ലെ 33);
2. നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ്, 1967 (1967-ലെ 37);
3. ദി ആന്റി-ഹൈജാക്കിംഗ് ആക്റ്റ്, 1982 (1982-ലെ 65);
4. ദി സപ്രഷൻ ഓഫ് അൺലാഫുൾ ആക്റ്റ്സ് എഗൻസ്റ്റ് സേഫ്റ്റി ഓഫ് സിവിൽ ഏവിയേഷൻ ആക്റ്റ്, 1982 (1982-ലെ 66);
5. സാർക്ക് ഉടമ്പടി (ഭീകര പ്രവർത്തനം തടയൽ) ആക്റ്റ്, 1993 (1993-ലെ 36);
6. ദി സപ്രഷൻ ഓഫ് അൺലാഫുൾ ആക്റ്റ്സ് എഗൻസ്റ്റ് സേഫ്റ്റി ഓഫ് മാരിടൈം നാവിഗേഷൻ ആന്റ് ഫിക്സഡ് പ്ലാറ്റ്ഫോംസ് ഓൺ കോണ്ടിനെന്റൽ ഷെൽഫ് ആക്റ്റ്, 2002 (2002-ലെ 69);
7. ദി വെപ്പൺസ് ഓഫ് മാസ് ഡിസ്ട്രക്ഷൻ ആന്റ് ദെയർ ഡെലിവറി സിസ്റ്റംസ് (പ്രൊഹിബിഷൻ ഓഫ് അൺലാഫുൾ ആക്റ്റിവിറ്റീസ്) ആക്റ്റ്, 2005 (2005-ലെ 21);
8. (ക) ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-യുടെ VI-ാം അദ്ധ്യായം [121 മുതൽ 130 വരെയുള്ള വകുപ്പുകൾ (രണ്ടും ഉൾപ്പടെ)] ;

   (ഖ) ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) യുടെ 489-ക മുതൽ 489-ങ വരെയുള്ള വകുപ്പുകൾ (രണ്ടും ഉൾപ്പെടെ),

എന്നിവയുടെ കീഴിലുള്ള കുറ്റങ്ങൾ.

# THE NATIONAL INVESTIGATION AGENCY ACT, 2008

(ACT No. 34 of 2008)

# ദേശീയ അന്വേഷണ ഏജൻസി ആക്റ്റ്, 2008

(2008-ലെ 34-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | | |
|---|---|---|---|
| 1. Age of superannuation | .. | അധിവർഷതയ്ക്കുള്ള പ്രായം | Sn. 11 (8) |
| 2. Motion | .. | അർത്ഥന | Sn. 13 (3) |
| 3. Regular Courts | .. | സ്ഥിരം കോടതികൾ | Sn. 20 |
| 4. Scheduled Offence | .. | പട്ടികയിൽ ഉൾപ്പെട്ട കുറ്റം | Sn. 2 (1) (g) |